ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് : 695033
ഇ-മെയിൽ:secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ:KLS/1761/2025-MA E2

തിരുവനന്തപുരം
19-03-2025

**ക്വട്ടേഷൻ നോട്ടീസ്**

നിയമസഭാ ഹോസ്റ്റലിലെ പെരിയാർ, നിള ബ്ലോക്കുകളിലായി സ്ഥാപിച്ചിരിക്കുന്ന രണ്ട് ഹോട്ട് ആൻഡ് കോൾഡ് വാട്ടർ പ്യൂരിഫയറുകളും, നിള ബ്ലോക്കിലെ ക്ലിനിക്കുകളിൽ സ്ഥാപിച്ചിരിക്കുന്ന നാല് വാട്ടർ പ്യൂരിഫയറുകളും ഉൾപ്പെടെയുള്ള മെഷീനുകളുടെ വാർഷിക പരിപാലന കരാറിൽ ഏർപ്പെടുന്നതിന് [Comprehensive AMC-യുടെയും Labour AMC-യുടെയും നിരക്കുകൾ പ്രത്യേകമായി സൂചിപ്പിച്ച്] താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച കവറുകളിൽ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

കരാറിൽ ഏർപ്പെടുന്നവർ യഥാസമയം മെഷീനുകളുടെ സർവീസുകൾ നടത്തേണ്ടതും ഈ സെക്രട്ടേറിയറ്റ് നിർദ്ദേശിക്കുന്നതനുസരിച്ച് കേടായ യന്ത്രഭാഗങ്ങൾക്ക് പകരം തനതായ യന്ത്രഭാഗങ്ങളുടെ വിതരണവും സ്പെയർ പാർട്ടുകളുടെ പുനഃസ്ഥാപനവും നടത്തേണ്ടതുമാണ്.

ക്വട്ടേഷനുകൾ 04./04/2025 വൈകുന്നേരം 04.00 മണിക്ക് മുമ്പായി എസ്റ്റേറ്റ് ഓഫീസർ, നിയമസഭാ ഹോസ്റ്റൽ, പാളയം, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന് പുറത്ത് "നിയമസഭാ ഹോസ്റ്റലിലെ വാട്ടർ പ്യൂരിഫയറുകളുടെ AMC കരാറിനായുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

07/04/2025-ന് രാവിലെ 11.00 മണിക്ക് ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും തുടർനടപടി സ്വീകരിക്കുന്നതുമാണ്. ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ആയത് പരിശോധിക്കുന്നതാണ്. ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾക്ക് ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതാണ്. ഒന്നിലധികം വ്യക്തികൾ/സ്ഥാപനങ്ങൾ ഒരേ തുക ക്വാട്ട് ചെയ്താൽ അവരെ മാത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ള നറുക്കിലൂടെ കരാർ സ്ഥിരപ്പെടുത്തുന്നതാണ്. ക്വട്ടേഷനുകൾ യാതൊരു കാരണവും കാണിക്കാതെ നിരസിക്കുന്നതിനോ, മാറ്റിവെയ്ക്കുന്നതിനോ, ഉപേക്ഷിക്കുന്നതിനോ ഉള്ള അധികാരം നിയമസഭാ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

സുനിൽ കുമാർ. എസ്,
എസ്റ്റേറ്റ് ഓഫീസർ,
നിയമസഭാ ഹോസ്റ്റൽ.

Signed by S Sunil Kumar
Date: 19-03-2025 12:23:31